നിയമസഭാ നടപടികൾ

അഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

1979 സെപ്റ്റംബർ 24, തിങ്കൾ

വാല്യം XLVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

നിയമസഭ 1979 സെപ്റ്റംബർ 24-ാംതീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

മി. സ്പീക്കർ: ചോദ്യോത്തരങ്ങൾ.....

I. പ്രസ്താവന

ശ്രീ. ടി. കെ. രാമകൃഷ്ണന്റെ—നിയമസഭ പിരിച്ചുവിടണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട്

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഈ നിയമസഭ തുടങ്ങുന്നതിനു മുൻപ് ഒരുകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. ഈ നിയമസഭ വിളിച്ചുകൂട്ടാൻതന്നെ ഇന്നത്തെ ഗവൺമെന്റിനു അധികാരമില്ലെന്നുള്ള ഒരു അഭിപ്രായം നിയമസഭാനടപടി ആരംഭിക്കുന്നതിനു മുമ്പുതന്നെ പറയേണ്ടതായതുകൊണ്ടാണ് ഞാൻ എഴുന്നേറ്റത്. കഴിഞ്ഞ നിയമസഭാസമ്മേളനം അവസാനിച്ചതിനുശേഷം ഇവിടെ നാല് ഉപതിരഞ്ഞെടുപ്പുകളാണ് നടന്നു. അതിനുശേഷം പലപ്രാവശ്യം നീട്ടിവച്ചതിനുശേഷമാണെങ്കിലും സ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പും നടന്നു. ഈ തിരഞ്ഞെടുപ്പുകളിലെല്ലാംതന്നെ വളരെ സ്പഷ്ടമായിക്കണ്ട ജനവിധി ഈ ഗവൺമെന്റിനും ഭരണമുന്നണിക്കും ഈ നിയമസഭ വിളിച്ചുകൂട്ടാനും ഈ ഗവൺമെന്റിനു അധികാരത്തിൽ തുടരാനും അവകാശമില്ലെന്നുള്ളതാണ്. അതുകൊണ്ട് ഈ ജനവിധിയെ മാനിച്ചുകൊണ്ട് ഈ ഗവൺമെന്റ് ചെയ്യേണ്ടിയിരുന്നത് നിയമസഭ പിരിച്ചുവിട്ട് ഗവൺമെന്റ് രാജിവച്ച്, ഈ കഴിഞ്ഞ സ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ കണ്ടതുപോലെ ഭരണമുന്നണിയിൽനിന്നുതന്നെ മാറിനിന്നുകൊണ്ട് പല പാർട്ടികളും ഇപ്പുറത്തുനിന്നുണ്ടാക്കിയിട്ടുള്ള കൂട്ടുകെട്ടിന്റെ അടിസ്ഥാനത്തിൽ ഉപതിരഞ്ഞെടുപ്പു നടത്തുന്നതിനുവേണ്ടിയുള്ള നടപടികളും എടുക്കുകയുമാണ്. അതൊന്നും ചെയ്യാതെ ജനവിധിയെ ആക്ഷേപിച്ചുകൊണ്ട് നിയമസഭാ സമ്മേളനം വിളിച്ചുകൂട്ടാനും ഗവൺമെന്റ് അധികാരത്തിൽ തുടരാനും തീരുമാനിച്ചത് അങ്ങേയറ്റം ആക്ഷേപാർഹമായ നടപടിയാണ്. മുഖ്യമന്ത്രിയും സഭാനേതാവുമായിട്ടുള്ള അദ്ദേഹം ഈ കാര്യത്തിൽ എന്തു പറയുന്നു എന്നുള്ളത് അറിയാൻ ഞങ്ങൾക്ക് താൽപര്യമുണ്ട്. അദ്ദേഹം അത് വിശദീകരിക്കുമെന്ന് ഞങ്ങളാഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കണിയാപുരം രാമചന്ദ്രൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഇത് ചോദ്യോത്തരസമയം അല്ലേ?

Mr. Speaker: No point of order.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: എന്താണ് മുഖ്യമന്ത്രിക്ക് പറയാനുള്ളതെന്ന് അറിഞ്ഞിട്ടുവേണം ഞങ്ങൾക്ക് ഈ സഭാനടപടികളിൽ പങ്കെടുക്കണമോ വേണ്ടയോ എന്നു തീരുമാനിക്കാൻ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: കഴിഞ്ഞ നിയമസഭായോഗം പിരിഞ്ഞതിൽപിന്നീട് ഇവിടെ വളരെ പ്രധാനപ്പെട്ട പല സംഭവങ്ങളും നടന്നിട്ടുണ്ട്. ആ സംഭവങ്ങളുടെ ഫലമായിട്ട് ഈ മുന്നണി, മുന്നണിയായിട്ട് നിൽക്കുന്നില്ല എന്ന് മുന്നണിയിലെ നേതാക്കൻമാർതന്നെ പരസ്യമായി സമ്മതിച്ചുകഴിഞ്ഞതാണ്. ആ സ്ഥിതിക്ക് ഈ ഗവൺമെൻറ് ഇതുപോലെ തുടരുന്നത് ശരിയാണോ എന്നുള്ളത് എന്റെ ഒരു പോയിന്റ് ഓഫ് ഓർഡറാണ്. ഇവിടെനിന്ന് ഒരു മെമ്പർ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചു.

Mr. Speaker: No point of order.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: ഈ ഗവൺമെൻറിന് ഇതുപോലെ നിൽക്കാൻ അർഹതയില്ലെന്ന് ഈ ഗവൺമെൻറിന്റെ നേതാക്കൻമാർതന്നെ പരസ്യമായി സമ്മതിച്ചിട്ടുള്ളതാണ്. ആ സ്ഥിതിക്ക് ഈ ഗവൺമെൻറ് തുടർന്നുകൊണ്ട്, ഈ സഭാനേതാവ് തുടർന്നുകൊണ്ട് ഈ നിയമസഭാ സമ്മേളനം നടത്താൻ പാടില്ല. ഇതിനെക്കുറിച്ച് സഭാനേതാവിന് എന്തു പറയാനുണ്ടെന്ന് ഞങ്ങൾക്കു കേൾക്കണം.

നവന്യൂവും സഹകരണവും മന്ത്രി (ശ്രീ. ബേബി ജോൺ): സർ, ബഹുമാനപ്പെട്ട ഇ. എം. എസ്. പോയിന്റ് ഓഫ് ഓർഡറായിട്ട് റെയിസുചെയ്തു.

Mr. Speaker: If it is a point of order, I am here to reply.

Sri Baby John: I may be excused. I have every right to point out this to the honourable Speaker.

ശ്രീ. എം. വി. രാഘവൻ: ഒരു പോയിന്റായുള്ളു. ഇറങ്ങിപ്പോവുകയെന്നുള്ള പോയിന്റെയുള്ളു. ഇവിടെ നാണമില്ലാതെ ഇങ്ങനെ ഇരിക്കരുതെന്നാണ് ഞങ്ങൾ പറയുന്നത്. വേറൊരു ഓർഡറും ഇല്ല, പോയിന്റുമില്ല.

Mr. Speaker: Has the Leader of the House to say anything?

Chief Minister **(Shri P. K. Vasudevan Nair):** If the honourable Speaker wants me to say something, I shall do so. Otherwise, I don't see any reason why I should say something on this subject at this juncture.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇതാണ് ഗവൺമെൻറിൻെറ നിലപാടെങ്കിൽ ജനങ്ങളോട് യാതൊരുത്തരവാദിത്വവുമില്ല, സ്പീക്കർ പറയുകയാണെങ്കിൽ പറയാമെന്നുള്ള ഉത്തരവാദിത്വം മാത്രമേയുള്ളു. ബഹുമാനപ്പെട്ട സ്പീക്കറെത്തന്നെ നിയമസഭ വിളിച്ചുകൂട്ടി അവഹേളിക്കുകയാണ് ഗവൺമെൻറ് ചെയ്തിട്ടുള്ളത്. ഈ നിയമസഭ വിളിച്ചുകൂട്ടാനുള്ള അർഹത ഈ ഗവൺമെൻറിനില്ല. ഈ മുന്നണിയിൽപ്പെട്ട ആളുകൾതന്നെ ഈ ഗവൺമെൻറ് പിരിച്ചുവിടേണ്ടതാണ്, നിയമസഭ പിരിച്ചുവിടേണ്ടതാണെന്നുള്ള അഭിപ്രായം ഉന്നയിച്ചിരിക്കെ ഈ നിയമസഭ വിളിച്ചുകൂട്ടുകയും അധികാരത്തിൽ തുടരുകയും ചെയ്യുന്ന ഈ നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ ഇന്നത്തെ സഭാനടപടികൾ ബഹിഷ്ക്കരിക്കുകയാണ്.

(ശ്രീ. ടി. കെ. രാമകൃഷ്ണനും അദ്ദേഹത്തിൻെറ പാർട്ടിയിൽപ്പെട്ടവരും സഭയിൽനിന്നും പുറത്തിറങ്ങിപ്പോയി.)

ശ്രീ. പി. എം. അബൂബേക്കർ: വളരെ പ്രസക്തമായ ഒരു പ്രശ്നമാണ് ഇവിടെ ഉന്നയിച്ചത്. ആ പ്രശ്നത്തിൽനിന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ സൗകര്യപൂർവം ഒഴിഞ്ഞുമാറുന്ന നിലപാടാണ് സ്വീകരിച്ചത്. ഇതാണ് ഈ സർക്കാരിൻെറ നിലപാടെങ്കിൽ ഈ സഭാനടപടികളിൽ ഞങ്ങളും പങ്കെടുക്കുന്നില്ല. ഞങ്ങൾ സഭാനടപടികൾ ബഹിഷ്ക്കരിക്കുകയാണ്.

(ശ്രീ. പി. എം. അബൂബേക്കറും അദ്ദേഹത്തിൻെറ പാർട്ടിയിൽപ്പെട്ടവരും സഭയിൽനിന്ന് പുറത്തിറങ്ങിപ്പോയി.)

ശ്രീ. കെ. കരുണാകരൻ: തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഏതെങ്കിലും ഒരു പാർട്ടിക്ക് അൽപം വോട്ടുകൾ കൂടുതൽ കിട്ടിയതു കൊണ്ടു മാത്രം ഈ സഭയെ സംബന്ധിച്ച് ഒരു തീരുമാനമെടുക്കുന്നതു ഉചിതമായിരിക്കുകയില്ല. ഗവൺമെൻറിനു ജനപിന്തുണ നഷ്ടപ്പെട്ടു എന്നുള്ളതിൽ ഞങ്ങൾക്കും അഭിപ്രായവ്യത്യാസമില്ല. ആ കാരണത്താൽ രാജിവയ്ക്കണമെന്ന് ആവശ്യപ്പെടാം. പക്ഷേ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ചിലയാളുകളുടെ കൂട്ടുപിടിച്ച് ഏതാനും സീറ്റുകൾ കിട്ടിയതുകൊണ്ട് ജനങ്ങളുടെ പിന്തുണയില്ലാത്ത പാർട്ടിയാണ് പുറത്തുപോകണമെന്നു പറഞ്ഞാൽ അതിനോടു ഞങ്ങൾ യോജിക്കുന്നില്ല. ഈ സഭ ശരിക്കു തന്നെ തുടരുകയും സഭയുടെ ചട്ടങ്ങളും നിയമവും അനുസരിച്ച് ഗവൺമെൻറിനെ പുറത്താക്കേണ്ട മാർഗ്ഗങ്ങളിൽക്കൂടി പുറത്താക്കുകയും വേണം. ഈ ഗവൺമെൻറിന് ജനങ്ങളുടെ പിന്തുണ നഷ്ടപ്പെട്ടിരിക്കുന്നു. ആ കാര്യത്തിൽ തർക്കമില്ല. അടിത്തറ നഷ്ടപ്പെട്ടിരിക്കുന്നു. അടിത്തറ നഷ്ടപ്പെട്ട ഒരു ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം സ്വീകരിക്കേണ്ട മാർഗ്ഗം ഇതല്ല. അതു ശരിയായ നടപടിയല്ല എന്നാണ് എൻെറ അഭിപ്രായം.

ശ്രീ. കെ. എം. മാണി: ഇക്കഴിഞ്ഞ പഞ്ചായത്തു തിരഞ്ഞെടുപ്പ് ഏറ്റവും വലിയ ഒരു ചുവരെഴുത്താണ്. പഞ്ചായത്തു തിരഞ്ഞെടുപ്പിൽ രാഷ്ട്രീയമായല്ല നിൽക്കുന്നതെന്നു പറഞ്ഞിരുന്നെങ്കിൽത്തന്നേയും രാഷ്ട്രീയമായ ഒരു വിധിയെഴുത്തായിരുന്നു അത്. രാഷ്ട്രീയപ്പാർട്ടികൾ

LIBRARY ARCHIVES Kerala Legislative Assembly

നിന്നു മൽസരിച്ചതാണ്. ആ നിലയ്ക്ക് പഞ്ചായത്തു തിരഞ്ഞെടുപ്പിനു ശേഷം വിശ്വാസം നഷ്ടപ്പെട്ട ഈ ഗവൺമെന്റ് രാജിവയ്ക്കാത്തതുതന്നെ കഷ്ടമാണ്. രണ്ടാമത് ഭരണകക്ഷിയിൽ ഇരുന്നുകൊണ്ട് പ്രതിപക്ഷകക്ഷികളുമായി കൂട്ടുകെട്ടുണ്ടാക്കിയതുമൂലം ഐക്യമുന്നണി ഗവൺമെന്റിനു ജനങ്ങളുടെ നൽകിയിട്ടുള്ള മാൻഡേറ്റ് നഷ്ടപ്പെട്ടിരിക്കുകയാണ്. മൂന്നാമത് ജനപിന്തുണയുള്ള നിരവധി കക്ഷികളെ ഐക്യമുന്നണിയിൽനിന്നും മാറിയ സ്ഥിതിക്ക് ഗവൺമെന്റിനു ജനവിശ്വാസം നഷ്ടപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് ഈ ഗവൺമെന്റ് രാജിവയ്ക്കണം. ആ നിലയിൽ രാജിവയ്ക്കാത്ത ഗവൺമെന്റിന്റെ ലജ്ജാവഹമായ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ടവരും സഭയിൽനിന്നും പുറത്തിറങ്ങിപ്പോയി.)

ശ്രീ. കെ. ചന്ദ്രശേഖരൻ: ഈ ആവശ്യം ഉന്നയിച്ചിട്ടുള്ളത് ഒരു പ്രത്യേക രാഷ്ട്രീയകക്ഷിയുടെ പ്രത്യേക രാഷ്ട്രീയാവശ്യത്തിനുവേണ്ടി മാത്രമാണെന്നുള്ളത് കണക്കിലെടുത്തുകൊണ്ടും ഈ പഞ്ചായത്തുതിരഞ്ഞെടുപ്പിൽ ഒരു പാർട്ടിക്കും പ്രത്യേകമായി വിജയം കൈവരിച്ചു എന്നു പറയാനുള്ള സാഹചര്യം ഉണ്ടായിട്ടില്ല എന്നുള്ളതു കണക്കിലെടുത്തുംകൊണ്ടും ഈ പ്രതിഷേധത്തിൽ എന്റെ പാർട്ടി പങ്കുചേരാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. ബേബി ജോൺ: ബഹുമാനപ്പെട്ട അങ്ങയുടെ ശ്രദ്ധയിൽ ഒരു കാര്യം കൊണ്ടുവരാൻ ഞാനാഗ്രഹിക്കുന്നു. ഇവിടെ വളരെ ഗൗരവമേറിയ ഒരു രാഷ്ട്രീയപ്രശ്നത്തെ സംബന്ധിച്ചാണ് പല കക്ഷിനേതാക്കളും അഭിപ്രായം പ്രകടിപ്പിച്ചിട്ടുള്ളത്. അങ്ങ് ആവശ്യപ്പെടുന്ന മറ്റു കക്ഷികൾക്കുകൂടെ അതിനുള്ള അവസരം നൽകണം. കാരണം വാക്കൗട്ട് നടത്തിയപ്പോൾ പ്രധാന പ്രതിപക്ഷകക്ഷി പ്രസ്താവിച്ചതു ഭരണകക്ഷിയിലെ ചില ഘടകകക്ഷികൾകൂടെ നിയമസഭ പിരിച്ചുവിട്ട് തിരഞ്ഞെടുപ്പു നടത്തണമെന്ന് ആവശ്യപ്പെട്ടു എന്നാണ്. എന്റെ അറിവിൽ ഒരു കക്ഷിയും നിയമസഭ പിരിച്ചുവിട്ട് ഉടനടി തിരഞ്ഞെടുപ്പ് നടത്തണമെന്നു പറഞ്ഞിട്ടില്ല. ഇൻഡ്യയിൽ ഇന്നു മാറിവരുന്ന പരിതഃസ്ഥിതികളിൽ രാഷ്ട്രീയ കൂട്ടുകെട്ടുകളിലും മാറ്റങ്ങൾ ആവശ്യമായിരിക്കുന്നു എന്നു ചില കക്ഷികൾക്ക് അഭിപ്രായമുണ്ട്. കേരളത്തിലും സുശക്തമായ ഒരു ഇടതുപക്ഷ ഐക്യമുന്നണി പടുത്തുയർത്തേണ്ടതിന്റെ ആവശ്യകത ഈ സംസ്ഥാനത്തിന്റെയും ഈ രാജ്യത്തിന്റെയും പൊതുതാൽപ്പര്യത്തിന് ആവശ്യമാണെന്ന അഭിപ്രായമുണ്ട്. അങ്ങനെ ഒരു ഇടതുപക്ഷ ഐക്യമുന്നണി ഉണ്ടാക്കുന്നതിനുവേണ്ടി സുശക്തമായ ഒരു ഇടതുപക്ഷ ജനകീയ പ്രസ്ഥാനം പടുത്തുയർത്തുന്നതിനുവേണ്ടി, സോഷ്യലിസ്റ്റ് പാർലമെന്ററി ശക്തികൾക്കെതിരായി പോരാട്ടം നടത്തുന്നതിനുവേണ്ടി കേരളത്തിൽ ഒരു ഇടക്കാല തിരഞ്ഞെടുപ്പ് ആവശ്യമാണെങ്കിൽ ഇതിൽ ഉൾപ്പെടാനും ചർച്ചചെയ്യാനും തയ്യാറാണെന്നു അഭിപ്രായമാണ് എന്റെ പാർട്ടിക്കുള്ളത്. അല്ലാതെ നിയമസഭ പിരിച്ചുവിടണമെന്ന അഭിപ്രായം ഒരിക്കലും പറഞ്ഞിട്ടില്ല; തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെടുത്തിയിട്ട്.

LIBRARY ARCHIVES Kerala Legislative Assembly